പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3182 | 19-06-2019-ലെ മറുപടിയ്ക്ക്

## അക്വാപോണിക്സ് കൃഷിരീതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.സുരേഷ് കുറുപ്പ്** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| എ) | മത്സ്യകൃഷിയും പച്ചക്കറി കൃഷിയും സംയോജിപ്പിച്ച് നടപ്പാക്കുന്ന കൃഷി രീതിയായ അക്വാപോണിക്സ് രീതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) & (ബി) | അക്വാപോണിക്സ് കൃഷി രീതി പച്ചക്കറി വികസന പദ്ധതിയിൽ ഇന്നവേഷൻ പ്രോജക്ട് എന്ന ഘടകത്തിൽ ഉൾപ്പെടുത്തി സബ്സിഡി നൽകി നടപ്പിലാക്കി വരുന്നു. അക്വാപോണിക്സ് കൃഷിയിൽ താല്പര്യമുള്ള കർഷകർക്ക് പച്ചക്കറി വികസന പദ്ധതിയിൽ കൃഷി ഭവൻ തലത്തിൽ പരിശീലനം നൽകി വരുന്നു. കൂടാതെ അക്വാപോണിക്സ് കൃഷി രീതികൾ കർഷകരിലേയ്ക്ക് എത്തിക്കുന്നതിനായി 'ആത്മ' പദ്ധതിയുടെ ഭാഗമായി കർഷകർക്ക് പ്രദർശനത്തോട്ടം എന്ന ഘടകത്തിൽ 4000/- രൂപ വീതം സാമ്പത്തിക സഹായം നൽകി നടപ്പിലാക്കി വരുന്നു. |
| (ബി) | ഇത്തരം കൃഷി രീതികൾ സാധാരണക്കാരായ കർഷകർക്ക് പരിചയപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു? | | |

സെക്ഷൻ ഓഫീസർ